GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

K16P 0169

Reg. No.: ..............................

Name : ..................................

# Fourth Semester M.A. Degree (Reg./Supple./Improve.) Examination, March 2016
# MALAYALAM LANGUAGE AND LITERATURE
# MAL 4C13 : Kerala Culture
# (2014 Admn.)

Time : 3 Hours Max. Marks : 80

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5×4=20)

1) കേരളത്തിലെ ആദിമനിവാസികളുടെ സാമൂഹിക ജീവിതത്തെപറ്റി സംക്ഷിപ്തമായി പ്രതിപാദിക്കുക.

2) കേരളത്തിൽ ജൈനമതം പ്രചരിച്ചിരുന്നുവെന്നതിനുള്ള തെളിവുകൾ എന്തെല്ലാം ?

3) 'ആയുർവേദത്തിന് കേരളത്തിൽ അനുസ്യൂതമായ വളർച്ചയുണ്ടായിട്ടുണ്ട് – വിവരിക്കുക.

4) ചട്ടമ്പിസ്വാമികളുടെ ആശയാദർശങ്ങൾക്ക് ദൂരവ്യാപകമായ ചിന്താവിപ്ലവത്തിനു വിത്തുവിതക്കാൻ കഴിഞ്ഞുവോ ?

5) കേരളത്തിലെ ദലിത് മുന്നേറ്റത്തെക്കുറിച്ച് ഉപന്യസിക്കുക.

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5×6=30)

6) എ) കേരളസംസ്കാരപഠനത്തിന്റെ ഉപാദാനങ്ങളെ കുറിച്ച് സംഗ്രഹിച്ച് പ്രതിപാദിക്കുക.

**അല്ലെങ്കിൽ**

ബി) കേരളീയരുടെ ആദ്യകാല വിദേശബന്ധങ്ങൾ വാണിജ്യാഭിവൃദ്ധിക്ക് എത്രത്തോളം ഉപയുക്തമായെന്നു പരിശോധിക്കുക.

7) എ) കേരളത്തിന്റെ സാംസ്കാരിക പുരോഗതിയിൽ ക്രിസ്ത്യൻ മിഷണറിമാർ വഹിച്ച പങ്ക് ചർച്ചാവിധേയമാക്കുക.

**അല്ലെങ്കിൽ**

ബി) ജന്മി സമ്പ്രദായത്തിന്റെ ഉല്പത്തി പരിണാമങ്ങൾ നിരീക്ഷിക്കുക.

P.T.O.

8) എ) കേരളത്തിന്റെ വാസ്തുവിദ്യാപാരമ്പര്യത്തെ കുറിച്ച് ഉപന്യസിക്കുക.

**അല്ലെങ്കിൽ**

ബി) കേരളീയ വാദ്യകലകളെ കുറിച്ച് വിവരിക്കുക.

9) എ) യോഗക്ഷേമസഭയുടെ സാംസ്കാരിക ദൗത്യം എന്തെല്ലാമായിരുന്നു ? വിശദീകരിക്കുക.

**അല്ലെങ്കിൽ**

ബി) 'സംസ്ഥാനപുന:സംഘടന കേരളീയ സാംസ്കാരിക ജീവിതത്തിലെ വലിയൊരു നാഴികക്കല്ലാണ് – ഉപപാദിക്കുക.

10) എ) പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സയുക്തികം വിചാരണ ചെയ്യുക.

**അല്ലെങ്കിൽ**

ബി) 'സ്ത്രീമുന്നേറ്റയത്നങ്ങൾക്ക് കേരളത്തിൽ സവിശേഷമായൊരു ദിശാബോധം കൈവന്നു കഴിഞ്ഞിട്ടുണ്ട്' – വിലയിരുത്തുക.

III. **ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(3x10=30)**

11) എ) പഴന്തമിഴ് പാട്ടുകളിൽ പ്രതിഫലിക്കുന്ന സംഘകാല സംസ്കൃതിയെക്കുറിച്ച് പഠനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

ബി) 'മഹോദയപുരത്തെ പെരുമാക്കൻമാരുടെ കാലഘട്ടം കേരളത്തിന്റെ സാംസ്കാരിക-രാഷ്ട്രീയ ജീവിതത്തിലെ നിർണായകമായ വഴിത്തിരിവാണ്' – വ്യക്തമാക്കുക.

12) എ) കേരളത്തിലെ കളരി പാരമ്പര്യത്തെക്കുറിച്ച് ഉപന്യസിക്കുക.

**അല്ലെങ്കിൽ**

ബി) കേരളത്തിലെ പരമ്പരാഗത കാർഷികവൃത്തികൾ വിവരിച്ച് സമകാലികാവസ്ഥ വെളിപ്പെടുത്തുക.

13) എ) 'ബ്രിട്ടീഷാധിപത്യത്തിനെതിരെ ഉയർന്ന പ്രതിഷേധ പ്രസ്ഥാനങ്ങൾ കേരളീയ നവോത്ഥാനത്തെ പ്രോജ്വലിപ്പിച്ചു' – വിസ്തരിക്കുക.

**അല്ലെങ്കിൽ**

ബി) സമകാലികമാധ്യമസംസ്കാരം കേരളീയ ജനജീവിതത്തിൽ വരുത്തുന്ന പരിവർത്തനങ്ങളെപ്പറ്റി നിരൂപിക്കുക.

---